# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. 132

14.12.2012 ൽ
മറുപടിയ്ക്ക്

**മരാമത്ത് വകുപ്പ് ടാറിംഗ് നടത്തിയ കോർപ്പറേഷൻ റോഡുകൾ**

ചോദ്യം

ശ്രീ. റ്റി.എ. അഹമ്മദ് കബീർ
ശ്രീ. സി. മോയിൻകുട്ടി
ശ്രീ. വി.എം. ഉമ്മർമാസ്റ്റർ
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

(എ) കോർപ്പറേഷനിലെ റോഡുകൾ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് ടാറിംഗ് നടത്തുകയുണ്ടായോ;

എങ്കിൽ അത് സംബന്ധിച്ച വിശദവിവരം നൽകുമോ;

ഉത്തരം

**ശ്രീ. മഞ്ഞളാംകുഴി അലി**
(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി

(എ) 23.09.2011 ലെ സ.ഉ. (സാധാ.) നം. 1263/ 2011/പൊ.മ.വ. പ്രകാരം സംസ്ഥാനത്തെ അഞ്ച് കോർപ്പറേഷനുകളുടെ അധീനതയിലുള്ള റോഡുകളുടെ One Time Maintenance – ന് ആയി 157.96 കോടി രൂപയുടെ ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയിരുന്നു. ഇതു കൂടാതെ വട്ടിയൂർക്കാവ് നിയോജക മണ്ഡലത്തിലെ റോസ് ഗാർഡൻസ് റസിഡന്റ്സ് അസോസിയോഷനിലെ റോഡിന് 12.03.2012 ലെ സ.ഉ. (സാധാ.) നം. 378/2012/പൊ.മ.വ. പ്രകാരം 10 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിരുന്നു. ഇതിൽ തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, കോഴിക്കോട്, കോർപ്പറേഷനുകളിലെ റോഡുകളുടെ പുനരുദ്ധാരണം പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗം മുഖാന്തിരവും കൊച്ചി കോർപ്പറേഷനിലെ പ്രവർത്തികൾ കേരള കൺസ്ട്രക്ഷൻ

കോർപ്പറേഷൻ മുഖാന്തിരവുമാണ് നടപ്പാക്കുന്നത്. പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത കോർപ്പറേഷൻ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്. അഞ്ചു കോർപ്പറേഷനുകൾക്ക് ഭരണാനുമതി നൽകിയ തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| തിരുവനന്തപുരം | - | 42.48 കോടി |
| കൊല്ലം | - | 9.44 കോടി |
| കൊച്ചി | - | 31.94 കോടി |
| തൃശ്ശൂർ | - | 34.10 കോടി |
| കോഴിക്കോട് | - | 40.00 കോടി |

കൂടാതെ 12.03.2012 ലെ സ.ഉ. (സാധാ.) നം. 378/2012/പൊ.മ.വ. പ്രകാരം 10 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത റോഡുകളുടെ പേരിൽ നഗരസഭാ കോൺട്രാക്ടർമാർ നഗരസഭകളുടെ ഫണ്ടിൽ നിന്നും ബില്ല് മാറിയെടുത്തു എന്ന ആരോപണം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(സി) പൊതുമരാമത്ത് ഇപ്രകാരം ഇരട്ട പേയ്മെന്റ് നടത്തിയിട്ടുണ്ടോ എന്ന് **കണ്ടെത്താൻ സമഗ്രമായ അന്വേ**ഷണം നടത്തുമോ?

(ബി), (സി): ഉണ്ട്. ഇരട്ട പേയ്മെന്റ് നടത്തിയുട്ടുണ്ടോ എന്നകാര്യം സമഗ്രമായി അന്വേഷിച്ചു വരികയാണ്.

സെക്ഷൻ ഓഫീസർ